# <u>കോളേജ് വിദ്യാഭ്യാസ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനകാര്യം - ഈ വകുപ്പിലെ യു.ഡി. ക്ലാർക്കുമാരുടെ 01.01.2006 മുതൽ 30.11.2007 വരെയുള്ള കാലയളവിലെ അന്തിമ മുൻഗണണാ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

==================================================================

ഉത്തരവ് നം. **സി2/18227/2013**/കോ.വി.വ    തീയതി: **21.11.2013**

==================================================================

പരാമർശം:
1. 28.05.2013-ലെ മേൽ നമ്പരായുള്ള ഈ കാര്യാലയത്തിൽ നിന്നുള്ള സർക്കുലർ
2. 06.06.2013-ലെ മണിമലകുന്ന് ഗവ. കോളേജ് പ്രിൻസിപ്പാളിന്റെ ബി1-01/2013 നമ്പർ കത്ത്
3. ഈ കാര്യാലയത്തിലെ യു.ഡി. ക്ലാർക്ക് ശ്രീമതി. ഐ.പി. ഗായത്രി ദേവിയുടെ 15.06.2013-ലെ അപേക്ഷ
4. 13.06.2013 കോഴിക്കോട് ഗവ. ആർട്ട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാളിന്റെ ബി2/49/2013 നമ്പർ കത്ത്
5. 30.05.2013-ലെ ഗവ. വിക്ടോറിയ കോളേജ് പ്രിൻസിപ്പാളിന്റെ ബി1/419/2013 നമ്പർ കത്ത്
6. 04.07.2013-ലെ കണ്ണൂർ, കെ.എം.എം. ഗവ. വിമൻസ് കോളേജ് പ്രിൻസിപ്പാളിന്റെ ബി1-52/2013 നമ്പർ കത്ത്
7. 05.06.2013-ലെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പാളിന്റെ ബി1/2027/2013 യു.സി. നമ്പർ കത്ത്
8. 04.06.2013-ലെ പാലക്കാട് ചെമ്പൈ മെമ്മോറിയൽ സർക്കാർ സംഗീത കോളേജ് പ്രിൻസിപ്പാളിന്റെ 4/2013 നമ്പർ കത്ത്
9. 10.06.2013 തിരുവനന്തപുരം എസ്.എസ്.റ്റി.സർക്കാർ സംഗീത കോളേജ് പ്രിൻസിപ്പാളിന്റെ എ/1/2013/നമ്പർ കത്ത്
10. 15.06.2012-ലെ തിരുവനന്തപുരം സർക്കാർ വനിത കോളേജ് പ്രിൻസിപ്പാളിന്റെ ബി2/99/2013 സ.വ.കോ നമ്പർ കത്ത്
11. 29.01.2013-ലെ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കോട്ടയം, എ1/13/13 നമ്പർ കത്ത്
12. ഈ കാര്യാലയത്തിലെ യു.ഡി ക്ലാർക്കുമാരായ ശ്രീമതി. ഐ.പി. ഗായത്രി ദേവി, ശ്രീ. ബി.കെ. ശ്രീകുമാർ, ശ്രീ.കെ.ആർ.ജോയി, ശ്രീമതി. ഡബ്ല്യൂ.ജെ.സുനിത, ശ്രീ.ജി.രാജേന്ദ്രൻ, ശ്രീമതി. റ്റി.ആർ. ഗീത എന്നിവരുടെ പരാതി.
13. 03.06.2013-ലെ തിരുവനന്തപുരം ഗവ. ലോ. കോളേജ് പ്രിൻസിപ്പാളിന്റെ എ/70/13 ജി.എൻ.സി നമ്പർ ഉത്തരവ്
14. 06.06.2013-ലെ ചിറ്റൂർ ഗവ. കോളേജ് ഹോസ്റ്റൽ വാർഡന്റെ 87/2013/ജി.സി.എച്ച് നമ്പർ കത്ത്
15. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കോഴിക്കോടിന്റെ എ1/4364/13 നമ്പരായുള്ള 07.06.2013, 11.06.2013 എന്നീ തീയതികളിലെ കത്ത്
16. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കൊല്ലം, 27.09.2013-ലെ സി5/8448/13 നമ്പർ കത്ത്
17. ഈ കാര്യാലയത്തിൽ നിന്നുള്ള 27.06.2011-ലെ സി2/36657/2010/കോ.വി.വ നമ്പർ ഉത്തരവ്

## ഉത്തരവ്

പരാമർശം (1) സർക്കുലർ പ്രകാരം ഈ വകുപ്പിലെ യു.ഡി. ക്ലാർക്കുമാരുടെ 01.01.2006 മുതൽ 30.11.2007 വരെയുള്ള കാലയളവിലെ താല്കാലിക മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. ടി പട്ടികയിലെ ക്രമ നം. 09, 10, 12, 20 പേരുകാരുടെ ജനന തീയതി സംബന്ധിച്ച് പരാമർശം 3, 4, 15 പ്രകാരം പരാതികൾ ഉന്നയിച്ചിരുന്നു. പരാതികളുടെ വിശദമായ പരിശോധനകളുടെ അടിസ്ഥാനത്തിൽ പരാമർശം (1)-ലെ പട്ടികയിലെ ചുവടെ പരാമർശിക്കുന്ന ജീവനക്കാരുടെ ജനനതീയതികൾ പേരിനെതിരെ സൂചിപ്പിച്ചിട്ടുള്ളവിധം മാറ്റം വരുത്തി ഉത്തരവാകുന്നു.

| പട്ടികയിലെ ക്രമ നമ്പർ | പേര് | പട്ടികയിലെ ജനന തീയതി | മാറ്റം വരുത്തിയ തീയതി |
|---|---|---|---|
| 09 | Sri. A. Sivan | 03.01.1962 | 01.03.1962 |
| 10 | Smt. C.M. Jayasree | 23.01.1963 | 23.01.1968 |
| 12 | Srt. I.P. Gayathridevi | 07.01.1974 | 01.04.1974 |
| 20 | Smt. Shareena. P | 02.10.1973 | 10.02.1973 |

പരാമർശം (1) പ്രകാരമുള്ള പട്ടികയിലെ നം.14, 20, 42 പേരുകാരുടെ പേരിൽ പിശക് ചൂണ്ടികാട്ടി പരാമർശം 4, 5, 6 പ്രകാരം കത്തുകൾ ലഭിച്ചിരുന്നു. ആവശ്യമായ രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിച്ചിട്ടുള്ള കരട് പട്ടികയിലെ ജീവനക്കാരുടെ പേരുകളിൽ ഉണ്ടായ പിശക് ചുവടെ പരാമർശിക്കും വിധം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| പട്ടികയിലെ ക്രമ നം. | പട്ടികയിലെ പേര് | ഭേദഗതി വരുത്തിയ പേര് |
|---|---|---|
| 14 | C. Gopinathan | Gopinath. C |
| 20 | Shereena. P | Shareena. P |
| 42 | P.V. Suresh | P. V. Sumesh |

പരാമർശം (1) പ്രകാരമുള്ള കരട് പട്ടികയിൽ ചുവടെ പേര് ചേർത്തിട്ടുള്ളവരുടെ വകുപ്പുതല പരീക്ഷ യോഗ്യത സംബന്ധിച്ച് പരാമർശം 6, 7, 8, 9, 10, 15 കത്തുകൾ പ്രകാരം പരാതികൾ ലഭിച്ചിരുന്നു. ആവശ്യമായ രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ വകുപ്പു തല പരീക്ഷാ യോഗ്യതയിൽ പേരിനെതിരെ സൂചിപ്പിച്ചിട്ടുള്ള വിധം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| പട്ടികയിലെ ക്രമ. നം. | പേര് | പട്ടികയിലെ വകുപ്പുതല പരീക്ഷാ യോഗ്യത | ഭേദഗതി |
|---|---|---|---|
| 22 | V. S. Manoj | MOP A/T (H) | MOP A/T (L & H) |
| 24 | M.S. Hemalatha | MOP A/T (L) | MOP A/T (L & H) |
| 30 | K.P. Sennichan | MOP A/T (L) | MOP A/T (L & H) |
| 33 | P. Mohanan | MOP A/T (L) | MOP A/T (L & H) |
| 42 | P.V. Sumesh | MOP A/T (L) | MOP A/T (L & H) |
| 44 | M. Nazimudeen | MOP A/T (L) | MOP A/T (L & H) |
| 49 | M. Mary Nirmala | MOP A/T (L) | MOP A/T (L & H) |

പരാമർശം (1) പ്രകാരമുള്ള കരട് പട്ടികയിലെ ക്രമ നമ്പർ. 9, 10, 15, 19, 26, 32, 34 പേരുകാരുടെ സീനിയോറിറ്റി സംബന്ധിച്ചും, പരാമർശം 2, 9, 11, 13, 15 പ്രകാരം പരാതികൾ ലഭിച്ചിരുന്നു. ആവശ്യമായ രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ കരട് പട്ടികയിലെ ക്രമ നം.2 ആയ ശ്രീ. പി.കെ. അനീസ് സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് അന്തിമ പട്ടികയിൽ നിന്നും ഒഴിവാക്കിയും കരട് പട്ടികയിലെ ക്രമ നം.25 ആയ ശ്രീ. കെ.ഡി. ദേവസ്യ മുതലുള്ളവരുടെ യു.ഡി. ക്ലാർക്ക് സ്ഥാനക്കയറ്റ പ്രാബല്യ തീയതി പരാമർശം (17) പ്രകാരം ഭേദഗതി വരുത്തിയും ചുവടെ പരാമർശിക്കും വിധം സീനിയോറിറ്റിയും യു.ഡി ക്ലാർക്ക് സ്ഥാനക്കയറ്റ പ്രാബല്യ തീയതിയും പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

<u>ശ്രീ. എ. ശിവൻ, യു.ഡി ക്ലാർക്ക്, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോഴിക്കോട് (കരട് പട്ടികയിലെ ക്രമ നമ്പർ. 9)</u>

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റ് കോഴിക്കോട് കാര്യാലയത്തിലെ ശ്രീ. ശിവൻ. എ, ഈ കാര്യാലയത്തിൽ നിന്നുള്ള 07.11.1990-ലെ സി4/27547/90/കോ.വി.വ നമ്പർ ഉത്തരവ് പ്രകാരം എൽ.ഡി. ക്ലാർക്കായി തസ്തിക മാറ്റം വഴി ജോലിയിൽ പ്രവേശിക്കുകയും 05.09.1989 മുതൽ 31.05.2001 വരെയുള്ള കാലയളവിലെ എൽ.ഡി. ക്ലാർക്കുമാരുടെ അന്തിമ മുൻഗണനാ പട്ടികയിൽ (01.07.2008-ലെ ബി3/28289/2001/കോ.വി.വ) 39 ആയി സ്ഥാനക്കയറ്റം നിശ്ചയിച്ചു നൽകുകയും ചെയ്തിരുന്ന വ്യക്തിയാണ്. 30.03.2007-ലെ 4724/07 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം ടിയാൾ 06/2006-ൽ ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് (ലോവർ) യോഗ്യത നേടുകയും ചെയ്തിരുന്നു.

ഈ കാര്യാലയത്തിൽ നിന്നുള്ള 27.03.2009-ലെ സി2/10584/2007/കോ.വി.വ നമ്പർ ഉത്തരവ് പ്രകാരം ടിയാന് 18.04.2007 തീയതിയാണ് യു.ഡി. ക്ലാർക്ക് സ്ഥാനക്കയറ്റ പ്രാബല്യം നൽകിയിട്ടുള്ളത്. എന്നാൽ ടിയാൾ യോഗ്യത നേടിയതിനു ശേഷം ഉണ്ടായ ആദ്യ ഒഴിവും, ടിയാന്റെ ജൂനിയർ ആയ ശ്രീ. എൻ. രാധാകൃഷ്ണന് (എൽ.ഡി. ക്ലാർക്കുമാരുടെ അന്തിമ പട്ടികയിലെ ക്രമ നം.91) സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ള പ്രാബല്യത്തിൽ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. ശിവൻ. എ-യുടെ യു.ഡി. ക്ലാർക്ക് സ്ഥാനക്കയറ്റ പ്രാബല്യ തീയതി 08.07.2006 ആയി (നോഷണൽ) പുനർ നിർണ്ണയിച്ചു

കൊണ്ടും യു.ഡി. ക്ലാർക്കുമാരുടെ മുൻഗണന പട്ടികയിൽ ശ്രീ. പി.പി. പ്രേമന് താഴെയായി സ്ഥാനം നൽകിയും ഉത്തരവാകുന്നു.

ശ്രീമതി. ജയശ്രീ. സി. എം. യു.ഡി.ക്ലാർക്ക്, ഗവ. കോളേജ് മണിമലക്കുന്ന്.

ശ്രീമതി. ജയശ്രീ. സി.എം, 05.09.1989 മുതൽ 31.05.2001 വരെയുള്ള എൽ.ഡി. ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.81 പേരുകാരിയാണ്. ടിയാൻ 18.01.2007-ലെ 1446/06 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് (ലോവർ) യോഗ്യത കരസ്ഥമാക്കുകയും ചെയ്തിരുന്നു. നിലവിൽ ടിയാൾക്ക് 15.07.2006 ആണ് യു.ഡി.ക്ലാർക്ക് സ്ഥാനക്കയറ്റ പ്രാബല്യത്തീയതി അനുവദിച്ചിട്ടുള്ളത്. എന്നാൽ ടിയാൾ യോഗ്യത കരസ്ഥമാക്കിയ 06.07.2006-നു ശേഷം ടിയാളുടെ ജൂനിയർ ആയ ശ്രീ. എൻ. രാധാകൃഷ്ണൻ സ്ഥാനക്കയറ്റം നേടിയ 08.07.2006 തീയതി പ്രാബല്യത്തിൽ യു.ഡി.ക്ലാർക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീമതി. ജയശ്രീ. സി.എം, യു.ഡി.ക്ലാർക്കിന്റെ സ്ഥാനക്കയറ്റ പ്രാബല്യത്തീയതി 08.07.2006 ആയി പുനർനിർണ്ണയിച്ചും അന്തിമ മുൻഗണനാ പട്ടികയിൽ ശ്രീ. ശിവൻ.എ-യ്ക്ക് താഴെയായി സ്ഥാനം നൽകിയും ഉത്തരവാകുന്നു.

ശ്രീ. അജിത്ത്കുമാർ. വി, യു.ഡി.ക്ലാർക്ക്, മഹാരാജാസ് കോളേജ്, എറണാകുളം.

ശ്രീ.അജിത്ത്കുമാർ. വി., 05.09.1989 മുതൽ 31.05.2001 വരെയുള്ള കാലയളവിലെ എൽ.ഡി.ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 98-ാം പേരുകാരനാണ്. 09.03.2005-ലെ 5195/05 നമ്പർ സർട്ടിഫിക്കറ്റു പ്രകാരം ടിയാൾ 06/2004-ൽ ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് (ലോവർ) യോഗ്യത കരസ്ഥമാക്കുകയും ചെയ്തിരുന്നു. നിലവിൽ ടിയാൾക്ക് 16.05.2007 ആണ് യു.ഡി.ക്ലാർക്ക് സ്ഥാനക്കയറ്റ പ്രാബല്യത്തീയതി അനുവദിച്ചിട്ടുള്ളത്. എന്നാൽ ടിയാൾ യോഗ്യത നേടിയ ശേഷം ടിയാളുടെ ജൂനിയർ ആയ ശ്രീ.കെ.ആർ.ജോയി മുതൽ ശ്രീ. മനു ആന്റണി വരെയുള്ളവർ ടിയാൾക്കു മുൻപ് സ്ഥാനക്കയറ്റം നേടിയതായി കാണുന്നു. ഈ സാഹചര്യത്തിൽ ടിയാന്റെ സ്ഥാനക്കയറ്റ പ്രാബല്യത്തീയതി ടിയാളുടെ ജൂനിയർ ആയ ശ്രീ.കെ.ആർ.ജോയിയുടെ പ്രാബല്യത്തീയതിയായ 03.08.2006 (നോഷണൽ) ആയി പുനഃക്രമീകരിച്ചും അന്തിമ പട്ടികയിൽ ശ്രീ.ഗോപിനാഥ്.സി-യ്ക്കും ശ്രീ.ജോയി.കെ.ആർ-നും ഇടയിൽ സ്ഥാനം നൽകിയും ഉത്തരവാകുന്നു.

ശ്രീ.ജോർജ് മാത്യു, യു.ഡി.ക്ലാർക്ക്, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോട്ടയം.

ശ്രീ.ജോർജ് മാത്യു, എൽ.ഡി.ക്ലാർക്കുമാരുടെ 05.09.1989 മുതൽ 31.05.2001 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 104-ാം പേരുകാരനാണ്. ടിയാൾ 06/2002 -ൽ ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് (ലോവർ) യോഗ്യത കരസ്ഥമാക്കിയിരുന്നു. ടിയാൾക്ക് നിലവിൽ യു.ഡി.ക്ലാർക്ക് പ്രാബല്യത്തീയതി 01.06.2007 ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ടിയാന്റെ ജൂനിയർ ആയ ശ്രീമതി.ഷറീന.പി (ക്രമ നം.106) മുതൽ ശ്രീ.പി.മോഹനൻ (ക്രമ നം.138) വരെയുള്ളവർക്ക് ടിയാൾക്ക് മുൻപുള്ള സ്ഥാനക്കയറ്റ പ്രാബല്യത്തീയതി നൽകിയിരുന്നു. ഈ സാഹചര്യത്തിൽ ടിയാളുടെ സ്ഥാനക്കയറ്റ പ്രാബല്യ തീയിതി

ടിയാളുടെ ജൂനിയർ ആയ ശ്രീമതി.ഷറീന.പി-യുടെ പ്രാബല്യത്തീയതിയായ 01.09.2006 (നോഷണൽ) ആയി പുനഃക്രമീകരിച്ചും അന്തിമ മുൻഗണനാ പട്ടികയിൽ ശ്രീ.ബി.കെ.ശ്രീകുമാറിനും ശ്രീമതി.ഷറീന. പി-യ്ക്കും ഇടയിലായി സ്ഥാനം നൽകി ഉത്തരവാകുന്നു.

ശ്രീ. ജിപ്സൺ.കെ.ആർ., യു.ഡി.ക്ലാർക്ക്, ഐ.എ.എസ്.ഇ., തൃശ്ശൂർ.

ശ്രീ. ജിപ്സൺ. കെ. ആർ, 22.11.1995-ലെ ആർ.1 (3) 1280/90 നമ്പർ നിയമന ശുപാർശ പ്രകാരം 10.01.1996-ൽ എൽ.ഡി.ടൈപ്പിസ്റ്റായി വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും 01.09.2002-ൽ യു.ഡി.ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം ലഭിക്കുകയും 06/2005-ൽ ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് (ലോവറും) 06/1997-ൽ എം.ഒ.പി യോഗ്യതയും കരസ്ഥമാക്കി. 10.01.2006-ൽ യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റത്തിനായി അർഹത നേടി. 17.04.2006-ൽ തസ്തിക മാറ്റത്തിനായി അപേക്ഷ സമർപ്പിക്കുകയും ടിയാൻ അപേക്ഷ സമർപ്പിച്ച ശേഷം യു.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റം നേടിയ ടിയാനെക്കാളും ജൂനിയർമാരായ എൽ.ഡി.ക്ലാർക്കുമാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | നിയമന ശുപാർശ തീയതി | യു.ഡി.സ്ഥാനക്കയറ്റ പ്രാബല്യതീയതി |
|---|---|---|---|
| 1 | Smt. B.T. Geethamma (Rtd.) | 11.01.1996 | 23.09.2006 |
| 2 | Smt. W.J. Sunitha | 14.02.1996 | 01.10.2006 |
| 3 | Sri. V.S. Manoj | 08.03.1996 | 06.10.2006 |
| 4 | Sri. G. Rajendran | 13.06.1996 | 01.11.2006 |
| 5 | Smt. M.S. Hemalatha | 03.07.1996 | 19.11.2006 |
| 6 | Sri. K.B. Hrishad (Rtd.) | 26.07.1996 | 27.11.2006 |

യു.ഡി.ക്ലാർക്ക് ഒഴിവുകളിൽ ആറാമത്തെ ഒഴിവാണ് യു.ഡി.ടൈപ്പിസ്റ്റുമാർക്ക് തസ്തിക മാറ്റത്തിനായിട്ടുള്ളത്. ഈ സാഹചര്യത്തിൽ ടിയാന്റെ അപേക്ഷയ്ക്ക് ശേഷം ഉണ്ടായ ആറാമത്തെ ഒഴിവായി 27.11.2006 തീയതി (നോഷണൽ) പ്രാബല്യത്തിൽ ടിയാളുടെ തസ്തികമാറ്റ തീയതി പുനഃക്രമീകരിച്ചും, അന്തിമ മുൻഗണനാപട്ടികയിൽ ശ്രീമതി. എം.എസ്.ഹേമലതയ്ക്കും, ശ്രീ.കെ.ഡി.ദേവസ്യയ്ക്കും ഇടയിൽ ടിയാന് സ്ഥാനം നൽകിയും ഉത്തരവാകുന്നു.

ശ്രീ.റ്റി.ബൈജു, യു.ഡി.ക്ലാർക്ക്, കോളേജ് വിദ്യാഭ്യാസ വകുപ്പ്, ആസ്ഥാന കാര്യാലയം.

ശ്രീ. റ്റി.ബൈജു, 05.09.1989 മുതൽ 31.05.2001 വരെയുള്ള കാലയളവിലെ എൽ.ഡി.ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 135-ാം പേരുകാരനാണ്. ടിയാൾ 06/2003-ൽ ഡിപ്പാർട്ടുമെന്റ് ടെസ്റ്റിൽ (ലോവറും, ഹയറും) യോഗ്യത നേടി. ടിയാന് 05.06.2007 പ്രാബല്യത്തീയതിയായാണ് യു.ഡി.ക്ലാർക്ക് സ്ഥാനക്കയറ്റം അനുവദിച്ചിരുന്നത്. എന്നാൽ ടിയാന്റെ ജൂനിയറായ ശ്രീ.പി.മോഹനന് 22.02.2007 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. ഈ സാഹചര്യത്തിൽ ശ്രീ.റ്റി.ബൈജുവിന് അർഹമായ 22.02.2007 (നോഷണൽ) പ്രാബല്യത്തിൽ യു.ഡി.ക്ലാർക്ക് സ്ഥാനക്കയറ്റത്തീയതി പുനഃക്രമീകരിച്ചും അന്തിമ പട്ടികയിൽ ശ്രീ.എൻ.പി.ബാബുവിനും ശ്രീ.പി.മോഹനനും ഇടയിൽ സ്ഥാനം നൽകിയും ഉത്തരവാകുന്നു.

ശ്രീ. മണികണ്ഠൻ. സി, യു.ഡി. ക്ലാർക്ക്, ഗവ. കോളേജ് ഹോസ്റ്റൽ, ചിറ്റൂർ

ശ്രീ. മണികണ്ഠൻ. സി-യ്ക്ക് ഈ കാര്യാലയത്തിൽ നിന്നുള്ള സി2/36657/2010 കോ.വി.വ, തീയതി, 22.06.2011-ലെ ഉത്തരവ് പ്രകാരം യു.ഡി ക്ലാർക്ക് തസ്തികമാറ്റ പ്രാബല്യ തീയതി 12.07.2007 ആയി നൽകി ശ്രീ. കെ.പി.സെന്നിച്ചനും, ശ്രീ. എൻ.പി. ബാബുവിനും ഇടയിൽ സ്ഥാനം നൽകി ഉത്തരവായിരുന്നു. എന്നാൽ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള താല്കാലിക മുൻഗണനാപട്ടികയിൽ ശ്രീ. മണികണ്ഠന്റെ പേര് ഉൾപ്പെടുത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ അന്തിമ മുൻഗണനാപട്ടികയിൽ ശ്രീ.മണികണ്ഠന് ശ്രീ.കെ.പി.സെന്നിച്ചനും ശ്രീ. എൻ.പി. ബാബുവിനും ഇടയിൽ സ്ഥാനം നൽകി ഉത്തരവാകുന്നു.

ശ്രീ. ജോർജ് കോശി, യു.ഡി. ക്ലാർക്ക്, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കൊല്ലം

ശ്രീ. ജോർജ് കോശി, എൽ.ഡി. ക്ലാർക്കുമാരുടെ അന്തിമ മുൻഗണനാപട്ടികയിൽ ക്രമ നം.142 പേരുകാരനും 06/2006 -ൽ ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് (ലോവറും, ഹയറും) യോഗ്യത നേടിയ ആളുമാണ്. 01.06.2007 പ്രാബല്യത്തിലാണ് ടിയാന് യു.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റ പ്രാബല്യം അനുവദിച്ചിട്ടുള്ളത്. എന്നാൽ ടിയാന്റെ ജൂനിയർ ആയ ശ്രീ. പി. ശിവമംഗളിന് (ക്രമ നം.145) 01.03.2007 പ്രാബ്യത്തിലാണ് സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ജോർജ് കോശിയുടെ യു.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റ പ്രാബല്യ തീയതി 01.03.2007 ആയി പുന:ക്രമികരിച്ചും, അന്തിമ മുൻഗണനാപട്ടികയിൽ ശ്രീ. പി. മോഹനനും, ശ്രീ. പി.ശിവമംഗളിനും മുകളിലായി സ്ഥാനം അനുവദിച്ചും ഉത്തരവാകുന്നു.

ശ്രീ. അബ്ദുൾ ജലീൽ, യു.ഡി. ക്ലാർക്ക്, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കൊല്ലം

ശ്രീ. അബ്ദുൾ ജലീൽ 05.09.1989 മുതൽ 31.05.2001 വരെയുള്ള കാലയളവിലെ എൽ.ഡി.ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ 144-ാം ക്രമ നമ്പർ പേരുകാരനാണ്. ടിയാൾ 07/2007-ൽ ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് (ലോവർ) യോഗ്യത നേടിയിരുന്നു. ടിയാൾക്ക് 09.05.2008 തീയതി പ്രാബല്യത്തിലാണ് യു.ഡി. ക്ലാർക്ക് സ്ഥാനക്കയറ്റം അനുവദിച്ചിരുന്നത്. എന്നാൽ ടിയാന്റെ ജൂനിയർ ആയ 28 പേർക്ക് ടിയാന് മുൻപിലായി സ്ഥാനക്കയറ്റം നൽകിയിരുന്നു. അതിനാൽ ടിയാൻ യോഗ്യത നേടിയ ശേഷം ഉള്ള അർഹമായ പ്രാബല്യ തീയതിയിൽ ടിയാന്റെ സ്ഥാനക്കയറ്റ പ്രാബല്യ തീയതി പുന:ക്രമീകരിച്ചു നൽകണമെന്നും മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തണം എന്നും പരാമർശം (16) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ഈ സാഹചര്യത്തിൽ ആവശ്യമായ രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ടിയാന്റെ സ്ഥാനക്കയറ്റ പ്രാബല്യ തീയതി 07.07.2007 (നോഷണൽ) ആയി പുന:ക്രമീകരിച്ചും അന്തിമ മുൻഗണനാപട്ടികയിൽ ടിയാന് ശ്രീമതി. സ്മിത.വി.മേനോന് മുകളിൽ സ്ഥാനം അനുവദിച്ചും ഉത്തരവാകുന്നു.

മേൽ ഭേദഗതികളോടുകൂടി ഈ വകുപ്പിലെ 01.01.2006 മുതൽ 30.11.2007 വരെയുള്ള കാലയളവിലെ യു.ഡി. ക്ലാർക്കുമാരുടെ (സീനിയർ ക്ലാർക്കുമാരുടെ) അന്തിക മുൻഗണനാപട്ടിക ഇതോടൊപ്പം അനുബന്ധം 1 ആയി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

അന്തിമ മുൻഗണനാപട്ടിക കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.collegiateedu.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-
പി. രാധാകൃഷ്ണൻ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്:</u>

1. വകുപ്പിന് കീഴിൽ എല്ലാ സ്ഥാപന മേധാവികൾക്കും
2. സി.എ – ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഡെപ്യൂട്ടി ഡയറക്ടർ/സീനിയർ ഫിനാൻസ് ഓഫീസർ
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്
4. ഈ കാര്യാലയത്തിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
5. കരുതൽ ഫയൽ/നടപ്പ് ഫയൽ

//അംഗീകാരത്തോടെ//



സൂപ്രണ്ട്

പിവി/21.11.13

**ANNEXURE – I**

| FINAL SENIORITY LIST OF U.D CLERKS IN THE COLLEGIATE EDUCATION DEPARTMENT FOR THE PERIOD FROM 01.01.2006 TO 30-11-2007 - C 2-18227-2013.Coll.Edn | | | | | | |
|---|---|---|---|---|---|---|
| **Sl. No.** | **Name** | **General Qualification** | **Departmental Test** | **Date of Birth** | **Date of promotion as U.D Clerk** | **Remarks** |
| 1 | N.Sundaresan | B.Sc., HDC | MOP, A/T (H) | 22/02/1960 | 01/02/2006 | |
| 2 | G.Chandramohanan Nair | PDC | MOP, A/T (L) | 20/02/1962 | 21/02/2006 | |
| 3 | O.P.Raveendranath | B.Sc | MOP, A/T (L) | 20/06/1963 | 22/02/2006 | |
| 4 | S.J.Unnikrishnan | B.A | MOP, A/T (L) | 30/05/1966 | 01/03/2006 | |
| 5 | K.T.Thomas | M.A | MOP, A/T (L) | 21/10/1961 | 01/03/2006 | |
| 6 | N.Supriya | SSLC | MOP, A/T (L) | 25/05/1968 | 01/03/2006 | |
| 7 | M.S.Sudheer | SSLC | MOP, A/T (L) | 30/05/1973 | 11/05/2006 | |
| 8 | P.P.Preman | SSLC | MOP, A/T (L) | 06/01/1959 | 01/07/2006 | |
| 9 | A.Sivan | SSLC | MOP, A/T (L) | 01/03/1962 | 08/07/2006 | |
| 10 | C.M.Jayasree | SSLC | MOP, A/T (L) | 23/01/1968 | 08/07/2006 | |
| 11 | I.P.Gayathri Devi | B.A | MOP, A/T (H) | 01.04-1974 | 14/07/2006 | |
| 12 | P.M.Sivadas | M.Com, KGTE English (Lr.&Hr) | MOP, A/T (L) | 21/02/1966 | 15/07/2006 | |
| 13 | Gopinath.C | M.A, KGTE English lower, NCVT English | MOP, A/T (L) | 28/05/1964 | 03/08/2006 | |
| 14 | V.Ajithkumar | PDC | MOP, A/T (L) | 22/03/1972 | 03/08/2006 | |
| 15 | K.R.Joy | | MOP, A/T (L&H) | 05/01/1974 | 03/08/2006 | |
| 16 | K.Ajithkumar | PDC | MOP, A/T (L) | 27/05/1970 | 11/08/2006 | |
| 17 | B.K.Sreekumar | SSLC | MOP, A/T (L) | 06/01/1975 | 22/08/2006 | |
| 18 | George Mathew | PDC | MOP, A/T (L) | 28/05/1975 | 01/09/2006 | |
| 19 | Shareena P | M.A | MOP, A/T (H) | 10/02/1973 | 01/09/2006 | |
| 20 | W.J.Sunitha | M.Sc | MOP, A/T (L) | 11/06/1967 | 01/10/2006 | |
| 21 | V.S.Manoj | PDC | MOP, A/T (L&H) | 31/05/1975 | 06/10/2006 | |

| | | | | | | |
|---|---|---|---|---|---|---|
| 22 | G.Rajendran | BA | MOP, A/T (L) | 19/01/1961 | 01/11/2006 | |
| 23 | M.S.Hemalatha | SSLC | MOP, A/T (L&H) | 20/05/1972 | 19/11/2006 | |
| 24 | K.R.Jipson | SSLC | MOP, A/T (L) | 22/04/1967 | 27/11/2006 | |
| 25 | K.D.Devassia | SSLC | MOP, A/T (L) | 15/03/1969 | 23/12/2006 | |
| 26 | V.G.Meera | BCom | MOP, A/T (L) | 31/07/1962 | 23/12/2006 | |
| 27 | T.R.Geetha | SSLC | MOP, A/T (H) | 30/04/1969 | 03/01/2007 | |
| 28 | C.P.Narayanankutty | PDC | MOP, A/T (L) | 18/02/1967 | 03/02/2007 | |
| 29 | K.P.Sennichan | B.Sc | MOP, A/T (L&H) | 28/05/1971 | 09/02/2007 | |
| 30 | Manikandan C | | MOP, A/T (L) | 30/05/1967 | 12/02/2007 | |
| 31 | N.P.Babu | SSLC | MOP, A/T (L) | 15/05/1966 | 12/02/2007 | |
| 32 | T.Baiju | SSLC | MOP, A/T (H) | 30/05/1970 | 22/02/2007 | |
| 33 | P.Mohanan | B.A. LLB | MOP, A/T (L&H) | 21/11/1960 | 22/02/2007 | PH |
| 34 | George Koshi | SSLC | MOP, A/T (L) | 25/06/1961 | 01/03/2007 | |
| 35 | P.Sivamangal | B.Sc, LLB | MOP, A/T (L&H) | 21/02/1977 | 01/03/2007 | |
| 36 | N.C.Biji | SSLC | MOP, A/T (L) | 12/10/1972 | 09/06/2007 | |
| 37 | Manu Antony | SSLC | MOP, A/T (L) | 30/05/1977 | 16/06/2007 | |
| 38 | K.T.Deepak | B.Sc | MOP, A/T (L) | 02/09/1967 | 18/06/2007 | |
| 39 | R.Mohandas | SSLC | MOP, A/T (L) | 20/05/1970 | 20/06/2007 | |
| 40 | Abdul Jaleel A | M A | MOP, A/T (L) | 20/05/1968 | 07/07/2007 | |
| 41 | Smitha V Menon | B.A | MOP, A/T (L) | 23/05/1976 | 07/07/2007 | |
| 42 | D.R.Anil | M.A, KGTE English Lower | MOP, A/T (H) | 15/04/1979 | 01/08/2007 | |
| 43 | P.V.Sumesh | B.Sc | MOP, A/T (L&H) | 21/05/1977 | 03/08/2007 | |
| 44 | V.V.Gireesh | | MOP, A/T (L) | 02/05/1980 | 26/08/2007 | |
| 45 | M.Nazimudheen | SSLC | MOP, A/T (L&H) | 20/05/1974 | 01/09/2007 | |
| 46 | V.Anees | PDC | MOP, A/T (L) | 16/05/1979 | 01/11/2007 | |
| 47 | A.Najeema | B.A, KGTE English Lower | MOP, A/T (L) | 27/05/1960 | 07/11/2007 | |
| 48 | S.Ravikumar | B.Com | MOP, A/T (L) | 14/04/1980 | 28/11/2007 | |
| 49 | P.Sudarsana | SSLC, JDC, KGTE English lower | MOP, A/T (L) | 20/05/1961 | 28/11/2007 | |
| 50 | M.Mary Nirmala | SSLC | MOP, A/T (L&H) | 31/05/1968 | 28/11/2007 | |

| | | | | | | |
|---|---|---|---|---|---|---|
| 51 | R.Meenakshi Ammal | B.Sc | MOP, A/T (H) | 19/12/1963 | 30/11/2007 | |

Sd/-
P. Radhakrishnan
Senior Administrative Officer
for Director of Collegiate Education

// Approved for Issue //

Superintendent